**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 3441 25.06.2012 - ൽ മറുപടിക്ക്

**കാസർഗോഡ് താലൂക്കിലെ അക്രമ സംഭവങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കാസർഗോഡ് താലൂക്കിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന അക്രമസംഭവങ്ങൾ തടയുന്നതിനും അവ ആവർത്തിക്കാതിരിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) അക്രമ സംഭവങ്ങൾ തടയുന്നതിനും ആവർത്തിക്കാതിരിക്കാനും സ്വീകരിച്ചു വരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ജില്ലയിലെ പോലീസ് വാഹനങ്ങളുടെയും സേനാംഗങ്ങളുടെയും എണ്ണം വർദ്ധിപ്പിക്കുന്നതിനും പോലീസ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും എന്തെങ്കിലും പുതിയ പാക്കേജ് പ്രഖ്യാപിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) കാസർഗോഡ് ജില്ലയിലെ ക്രമസമാധാന പരിപാലന സംവിധാനം ശക്തിപ്പെടുത്തുന്നതിനുവേണ്ടി പോലീസ് സേനാംഗങ്ങളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും വാഹന സൗകര്യം വർദ്ധിപ്പിക്കുന്നതിനുമുള്ള സ്പെഷ്യൽ പോലീസ് പാക്കേജിന് അംഗീകാരം നൽകി കഴിഞ്ഞു. ഇതനുസരിച്ചുള്ള നടപടി ക്രമങ്ങൾ നടന്നു വരുന്നു. |

Josephi
സെക്ഷൻ ഓഫീസർ

**അനുബന്ധം**

1. ഒരു ഡി.വൈ.എസ്.പി. യുടെയും ഇൻസ്പെക്ടർമാരുടെയും കീഴിൽ മുഴുവൻ സമയവും പ്രവർത്തന സജ്ജമായ കൺട്രോൾ റൂമുകൾ കാസർഗോട്ടും കാഞ്ഞങ്ങാട്ടും പ്രവർത്തിച്ചു വരുന്നു.

2. പ്രശ്നബാധിത പ്രദേശങ്ങളിൽ വയർലെസ് സംവിധാനത്തോടു കൂടിയ 10 ജീപ്പ്, 14 ബൈക്ക് പട്രോളിംഗ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

3. വർഗ്ഗീയ അസ്വസ്ഥ പ്രദേശങ്ങൾ തരം തിരിച്ച് ടി സ്ഥലങ്ങളിലെ ആരാധനാലയങ്ങൾ, മതപരവും രാഷ്ട്രീയവുമായി വേർതിരിഞ്ഞ് രൂപപ്പെടുത്തിയ സംഘടനകളുടെ ഓഫീസുകൾ എന്നിവിടങ്ങളിൽ ഓരോ 15 മിനിട്ടിലും പോലീസിന്റെ സാന്നിദ്ധ്യം ഉറപ്പു വരുത്തുന്നു.

4. പ്രശ്ന ബാധിത പ്രദേശങ്ങളുടെ പ്രഭവ കേന്ദ്രമെന്ന് കരുതുന്ന സ്ഥലങ്ങളിൽ QRT (Quick Response Team) യുടെ Striking Force നെ വിന്യസിച്ച് സ്ഥിതിഗതികളുടെ വിവരമനുസരിച്ച് അതിവേഗ പോലീസ് നടപടി സ്വീകരിച്ചു വരുന്നു.

5. അസ്വസ്ഥ ബാധിത പ്രദേശങ്ങളിൽ അടിക്കടിയുള്ള നിരീക്ഷണവും ആവശ്യമെങ്കിൽ പോലീസ് പിക്കറ്റ്, പട്രോളിംഗ് എന്നിവ ഏർപ്പെടുത്തിയിട്ടുണ്ട്.

6. അസമയങ്ങളിലെ വാഹന ഗതാഗതത്തെ സൂക്ഷ്മ നിരീക്ഷണവും പരിശോധനയും നടത്തി വരുന്നു.

7. ഭൂമാഫിയ-മണൽ മാഫിയയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിച്ചിട്ടുണ്ട്.

8. KAAPA Act പ്രകാരമുള്ള നടപടികൾ ഊർജ്ജിതമായി നടപ്പിലാക്കി വരുന്നു.

9. വർഗ്ഗീയ സ്വഭാവമുള്ള ക്രിമിനൽ സ്വഭാവമുള്ളവരുമായ വ്യക്തികളുടെ വിവരം ശേഖരിച്ച് നിരീക്ഷണം നടത്തി വരുന്നു.

10. നിയമ നടപടികളിൽ നിന്ന് ഒളിച്ചു കഴിയുന്ന പ്രതികളെ കണ്ടെത്താൻ പ്രസ്തുത കേസുകളിൽ ഊർജിത അന്വേഷണം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

11. മതസൗഹാർദ്ദം നിലനിർത്താൻ വേണ്ടി വിദ്യാർത്ഥികൾ, യുവജനങ്ങൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹകരണത്തോടെ കാസർഗോട് ജില്ലാ പോലീസ് **പൊൻപുലരി** എന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

12. സദാചാര പോലീസ് ചമയൽ പോലെയുള്ള കുറ്റകൃത്യങ്ങൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചു വരുന്നു.

13. അക്രമ സംഭവങ്ങൾ രൂക്ഷമായ പ്രദേശങ്ങളിലെല്ലാം സുരക്ഷാ ക്യാമറകൾ സ്ഥാപിച്ച് പ്രത്യേകം നിരീക്ഷിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

14. കാസർഗോഡ് ജില്ലയിലെ പല വർഗ്ഗീയ ആക്രമണങ്ങളും നടത്തിയിരിക്കുന്നത് മൂന്നുപേർ വീതം രജിസ്ട്രേഷൻ ഇല്ലാത്ത ബൈക്കുകളിൽ സഞ്ചരിച്ചായതിനാൽ അത്തരത്തിൽ സഞ്ചരിക്കുന്ന ബൈക്കുയാത്രക്കാരെ കർശനമായി പരിശോധിച്ചും നിയന്ത്രിച്ചും വരുന്നു.

15. എല്ലാ രാഷ്ട്രീയ കക്ഷികളെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമ്മേളനങ്ങൾ നടത്തി മാതൃകാ പെരുമാറ്റച്ചട്ടം രൂപീകരിക്കുന്നതിനും അഭിപ്രായ സമന്വയം ഉണ്ടാക്കുവാനും നടപടി സ്വീകരിച്ചു വരുന്നു.

16. അക്രമ സംഭവങ്ങൾ രൂക്ഷമായ പ്രദേശങ്ങളിലെല്ലാം സമർത്ഥരും പ്രവീണ്യം തെളിയിച്ചവരുമായ പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിച്ചു വരുന്നു.

17. മതസൗഹാർദ്ദ അവലോകന യോഗങ്ങൾ സർവ്വമത നേതാക്കളെയും ഉൾപ്പെടുത്തിക്കൊണ്ട് സമയാസമയം നടത്തുന്നതിനു നടപടികൾ സ്വീകരിച്ചു വരുന്നു.

18. മതസൗഹാർദ്ദത്തിന് ഹാനികരമാകത്തക്ക രീതിയിലുള്ള പെയിന്റിങ്ങുകൾ, തോരണങ്ങൾ, ചുവരെഴുത്തുകൾ എന്നിവ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

19. സാമുദായിക അടിസ്ഥാനത്തിലുള്ള ബസ് വെയിറ്റിങ്ങ് ഷെഡ്ഡുകൾ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു.

20. സാമുദായിക അടിസ്ഥാനത്തിലുള്ള സ്പോർട്സ് ടൂർണ്ണമെന്റുകൾ നിർത്തലാക്കാൻ നടപടി സ്വീകരിച്ചു.

21. റാലികളിലും മറ്റും പ്രകോപനപരമായ മുദ്രാവാക്യങ്ങൾ മുഴക്കുന്നത് തടയുന്നതിനും ഇത്തരത്തിൽ മുദ്രാവാക്യം മുഴക്കുന്നവർക്കെതിരെ നിയമ നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

22. ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനും പുനരുദ്ധാരണം നടത്തുന്നതിനും ജില്ലാ അധികാരികളുടെ മുൻകൂർ അനുമതി കർശനമാക്കിയിട്ടുണ്ട്.

Joseph
സെക്ഷൻ ഓഫീസർ